**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3995** **15-07-2022 - ൽ മറുപടിയ്ക്ക്**

**അതിദാരിദ്ര്യ നിർമ്മാർജ്ജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ജോയി** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | തിരുവനന്തപുരം ജില്ലയിൽ അതിദാരിദ്ര്യം അനുഭവിക്കുന്ന എത്രപേർ ഉണ്ടെന്ന് വിശദമാക്കാമോ; | (എ) | തിരുവനന്തപുരം ജില്ലയിൽ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ വഴി 7278 കുടുംബങ്ങൾ അതിദാരിദ്ര്യം അനുഭവിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | വർക്കല മണ്ഡലത്തിൽ ഇത്തരത്തിലുള്ള എത്രപേർ ഉണ്ടെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ വിശദമാക്കാമോ; | (ബി) | വർക്കല മുനിസിപ്പാലിറ്റി - 83<br>ഇടവ ഗ്രാമപഞ്ചായത്ത് - 53<br>ഇലകമൺ ഗ്രാമപഞ്ചായത്ത് - 31<br>ചെമ്മരുതി ഗ്രാമപഞ്ചായത്ത് - 99<br>പള്ളിക്കൽ ഗ്രാമപഞ്ചായത്ത് - 38<br>മടവൂർ ഗ്രാമപഞ്ചായത്ത് - 62<br>നാവായിക്കുളം ഗ്രാമപഞ്ചായത്ത് - 93<br>**ആക - 459 കുടുംബങ്ങൾ** |
| (സി) | അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ? | (സി) | അതിദരിദ്രരെ കണ്ടെത്തുന്നതിനായി നടത്തിയ പ്രക്രിയയിൽ കണ്ടെത്തിയ കുടുംബങ്ങളുടെ, ഭക്ഷണം, ആരോഗ്യം, പാർപ്പിടം, ജീവനോപാധി ആവശ്യങ്ങൾ എന്നിവ നേടുന്നതിനായി തദ്ദേശ സ്ഥാപനതലത്തിൽ കുടുംബാധിഷ്ഠിതമായ മൈക്രോ പ്ലാനുകൾ തയ്യാറാക്കി നിർവഹണം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ 14-ാം പഞ്ചവത്സര പദ്ധതി - വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗരേഖയിലെ ഖണ്ഡിക 6.6 പ്രകാരം ഉൾപ്പെടുത്തിയിട്ടുണ്ട്. അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള മൈക്രോപ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ 08/07/2022 -ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നം.146/2022/ തസ്വഭവ പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ